Reg. No .................... Name .............................. **23U115**

## B. A / B. Sc. DEGREE END SEMESTER EXAMINATION : NOVEMBER 2023

### SEMESTER 1 : MALAYALAM (ADDITIONAL LANGUAGE)

### COURSE : **19U1CCMAL1A : KATHA, NOVEL**

*(For Regular 2023 Admission and Supplementary 2022/2021/2020/ 2019 Admissions)*

Time : Three Hours Max. Marks: 75

## PART A

**ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക**

1. ബാല്യകാലസഖി ആരുടെ രചനയാണ്?
2. ഉത്തരായനം എന്ന നോവലിന്റെ രചയിതാവ് ആരാണ്?
3. " എന്റമ്മോ ,പതിനാറു വെട്ടായിരുന്നു .തലേം മൊഖോം ഒന്നും കാണാൻ പോലും വയ്യാരുന്നു ." ഏതു കഥയിലെ പരാമർശം ?
4. രണ്ടിടങ്ങഴി ആരുടെ രചനയാണ് ?
5. നാലുകെട്ട് ആരുടെ നോവലാണ്?
6. ആരാച്ചാർ എന്ന നോവൽ എഴുതിയതാര് ?
7. കാളിനാടകം ആരുടെ കഥയാണ്?
8. തിരുത്ത് എന്ന കഥ എഴുതിയതാര് ?
9. " അയ്യോ ! ആ അരുമപാവി - എനിക്കു മേലേ ഏനമ്മോ." ഏതു കഥയിലെ വരികൾ ?
10. ഓർമ്മയുടെ ഞരമ്പ് എന്ന കഥ എഴുതിയതാരാണ്?

**(1 x 10 = 10)**

## PART B

**അരപ്പുറത്തിൽ കവിയാതെ 8 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

11. "സോവിയറ്റ് യൂണിയൻ അതില്ലാതായിക്കൊണ്ടിരിക്കുകയാണ്." കഥയിലെ ഈ വാചകത്തിന്റെ രാഷ്ട്രീയപ്രസക്തിയെന്ത്?
12. ഡ്രൈ ഡേയുടെ പ്രസക്തി ഒറ്റപ്പെട്ടവനെ ആസ്പദമാക്കി വിവരിക്കുക?
13. " പിന്നീട് എല്ലായിടത്തും ഇരുട്ട് മാത്രമായി. ശബ്ദിക്കുന്ന , ഗർജ്ജിക്കുന്ന ഇരുട്ട്." ഏതു കഥയിലെ വരികൾ? സന്ദർഭം എഴുതുക?
14. "ചുരുക്കം പറഞ്ഞാൽ ഒരു പ്രായം കഴിഞ്ഞാൽ ആണുങ്ങളുടെ കാര്യവും വല്യ കഷ്ടം തന്നെ." സന്ദർഭമെഴുതി ആശയം വിശദമാക്കുക?
15. ഉത്തരാധുനിക നോവലിന്റെ സവിശേഷതകൾ എന്തെല്ലാം?
16. " ഭക്തിയോടെ,വണക്കത്തോടെ ,എളിമയോടെ ,പ്രാർത്ഥിക്കണം." ഏതു കഥയിലെ പരാമർശം? സന്ദർഭം എഴുതുക?
17. അമേരിക്കയിലെ വളർത്തു പൂച്ചകളുടെ പ്രത്യേകതകൾ ഷെർലക്ക് എന്ന കഥയിൽ വിവരിക്കുന്നതെങ്ങനെ ?
18. "ഇത്തിരി ചോര കുത്തി യന്ത്രത്തിലിട്ട് നോക്കിയിട്ട് രണ്ടും രണ്ടു വർഗമാന്നു കണ്ടാ ഗുരുകാരാണോമാര് പറഞ്ഞുതന്നിട്ടുള്ള രക്തബന്ധെന്ന സംഗതി പൊട്ടീല്ലേ." എന്ന ദൂതിലെ വാചകത്തിന്റെ പ്രസക്തിയെന്ത്?
19. കരിക്കോട്ടക്കരി എന്ന നോവലിലെ പന്നിക്കളിപ്പാട്ട് എന്ന അധ്യായത്തിന്റെ പ്രാധാന്യം എന്താണ്?
20. തകഴി എന്ന കഥാകാരനെ പരിചയപ്പെടുത്തുക?

**(2 x 8 = 16)**

## PART C

**ഒരു പുറത്തിൽ കവിയാതെ ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

21. " നിനക്ക് അറിയാമോ മരണത്തിൻറെ മണം എന്താണെന്ന് "- സന്ദർഭംഎന്ത് ? വിശദീകരിക്കുക?
22. ദുഖവെള്ളികൾ അവസാനിച്ചിട്ടില്ല എന്ന് ഒറ്റപ്പെട്ടവനിലൂടെ ഉണ്ണി ആർ പറയുന്നത് എപ്രകാരം ?
23. കരിക്കോട്ടക്കരി എന്ന നോവലിലെ നിക്കോളാച്ചൻ എന്ന കഥാപത്രത്തിന്റെ പ്രസക്തിയെന്ത്?

24. ബന്ധങ്ങളുടെ ശൈഥില്യം 'ദൂത്' എന്ന കഥയിൽ എപ്രകാരം പ്രകടമാകുന്നു.

25. നിക്കോളച്ചൻ കരിക്കോട്ടകരിയിൽ വരുത്തിയ പരിവർത്തനങ്ങൾ എന്തെല്ലാം?

26. മനുഷ്യജീവിതത്തിന്റെ സ്വകാര്യതയിലേക്കുള്ള മാധ്യമങ്ങളുടെ കടന്നു കയറ്റം "അഭിനയമുഹൂർത്തങ്ങൾ" എന്ന കഥയെ അടിസ്ഥാനമാക്കി വിവരിക്കുക?

27. "പക്ഷിയുടെ മണം" എന്ന കഥയിലെ ആഖ്യാനരീതിയുടെ സവിശേഷതകൾ വിവരിക്കുക?

**(5 x 5 = 25)**

## PART D

**നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

28. ഉത്തരാധുനികകഥയുടെ സ്വഭാവങ്ങൾ ഒറ്റപ്പെട്ടവൻ എന്ന കഥയെ മുൻനിർത്തി വിവരിക്കുക?

**അല്ലെങ്കിൽ**

29. സ്വത്വാന്വേഷണത്തിന്റെയും സ്വത്വനഷ്ടത്തിന്റെയും ഇടയിൽപ്പെട്ട് ആകുലരാകുന്ന ഒരുജനവിഭാഗത്തിൻറെ കഥയാണ് " കരിക്കോട്ടക്കരി " എന്ന നോവൽ. വിശദീകരിക്കുക?

30. സമൂഹത്തിലെ ഉപബോധമനസ്സിന്റെ ക്രിമിനൽ സ്വഭാവത്തിന്റെ മുതലെടുപ്പാണ് അഭിനയമുഹൂർത്തങ്ങൾ ചർച്ച ചെയ്യുന്നത്. ഉപന്യസിക്കുക?

**അല്ലെങ്കിൽ**

31. "ജനനമരണങ്ങൾക്കിടയിൽ തനിച്ചാക്കാൻ വിധിക്കപ്പെടുന്ന മനുഷ്യ ജീവിതാവസ്ഥയുടെ ഒടുങ്ങാത്ത കാമനകളെ അടയാളപ്പെടുത്തുന്ന കഥയാണ് മോഹമഞ്ഞ് " - സമർത്ഥിക്കുക?

**(12 x 2 = 24)**